**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1744** **05-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശമേഖലകളിലെ ഐ.സി.ഡി.എസിന് കീഴിലുള്ള അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തീരദേശമേഖലകളിൽ ഐ.സി.ഡി.എസിന് കീഴിലുള്ള എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | **(എ)** തീരദേശ മേഖലകളിലെ ഐസിഡിഎസിന് കീഴിലുള്ള മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല.<br><br>തീരദേശ മേഖലകളിലെ ആകെ അങ്കണവാടികളുടെ എണ്ണം – 1831<br><br>സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 673<br><br>ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 28<br><br>വാട്ടർ കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 86<br><br>വകുപ്പിന് കീഴിൽ സ്മാർട്ട് അങ്കണവാടി, MGNREGS എന്നീ പദ്ധതികൾ പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണാനുമതി നൽകിവരുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ 100 ദിനപരിപാടിയിൽ ഉൾപ്പെടുത്തി അങ്കണവാടികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>വനിത ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, ജലജീവൻ മിഷൻ എന്നിവയുമായി ചേർന്ന് അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ